ടിയെടുക്കാം. പക്ഷെ എലിയെ കൊല്ലാൻ ഇല്ലം ചുടരുത്. പിഴപലിശ നിയമമാണ്. വൺ ടൈം സെറ്റിൽമെന്റ് എന്നുപറഞ്ഞാൽ പിഴപലിശ ഒഴിവാക്കിക്കൊടുക്കും. ഇത് നിയമമാണ്. പലിശ അടച്ചില്ലായെങ്കിൽ പിഴപലിശ. ഇതൊക്കെ ആക്ടിൽ ഉള്ളതാണ്. പക്ഷെ 'the Government should not interfere into the day-to-day functioning of the Financial Corporation' ഫിനാൻസ് കോർപ്പറേഷന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടാൻ പാടില്ലായെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ അഴിമതി നടന്നാൽ ഇടപെടാം. അവിടെ മിസ്മാനേജ്മെന്റ് നടന്നാൽ ഇടപെടാം. അത് എഴുതിത്തന്നാൽ എം.ഡി.ക്ക് ഡയറക്ഷൻ കൊടുക്കാം. പ്രഥമദൃഷ്ട്യാ കേസുണ്ടെങ്കിൽ നിശ്ചയമായും കൈകാര്യം ചെയ്യും.

(6) മത്സ്യവ്യവസായം നേരിടുന്ന പ്രതിസന്ധി

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, കേരളത്തിലെ മത്സ്യ സംസ്കരണ വ്യവസായം ഇന്ന് പ്രതിസന്ധി നേരിടുകയാണ്. ഈ വ്യവസായത്തിലെ മൂന്നു ഘടകങ്ങൾ ഒരുമിച്ച്, കയറ്റുമതിക്കാരും പീലിംഗ് ഷെഡ്ഡുകാരും ഐസ് പ്ലാന്റുകാരും 30-ാം തീയതി തൊട്ട് സമരം ചെയ്യുമെന്നു പ്രഖ്യാപിച്ചിരിക്കുകയാണ്. കയറ്റുമതിക്കാർക്ക് ഏറ്റവും വലിയ പ്രശ്നം ഫിഷർമെൻ വെൽഫയർ ഫണ്ട് ബോർഡിലേയ്ക്ക് അടയ്ക്കാനുള്ള ഒരു ശതമാനം തുകയെപ്പറ്റിയാണ്. 18 കോടി രൂപ ഇപ്പോൾ കുടിശ്ശികയുണ്ട്. പല സ്ഥാപനങ്ങളും ഇന്ന് പൂട്ടിപ്പോയി. അവർ സ്ഥലത്തില്ല. ഈയിടെ കുടിശ്ശിക പിരിക്കാൻ ഒരു ശ്രമം നടന്നു. അതും ബുദ്ധിമുട്ടിലായിരിക്കുകയാണ്. ഈ നിലയ്ക്കു പോയാൽ ഈ വ്യവസായം കേരളം വിട്ട് മറ്റു സംസ്ഥാനത്തേയ്ക്ക് പോകുന്ന നില എത്തും. പീലിംഗ് ഷെഡ്ഡുകൾ യൂറോപ്യൻ സ്റ്റാൻഡേർഡനുസരിച്ച് അപ്ഗ്രേഡ് ചെയ്യണമെങ്കിൽ ലക്ഷക്കണക്കിന് രൂപ മുടക്കണം. ഐസ് പ്ലാന്റുകാർക്കാണെങ്കിൽ വൈദ്യുതിയുടെ വിലവർദ്ധനവു വല്ലാതെ ബാധിച്ചിരിക്കുന്നു. ഇവിടെ നേരത്തെ കേട്ട കെ.എഫ്.സി. യുടെ പ്രശ്നവും ഇതിൽ വരുന്നുണ്ട്. കെ.എഫ്.സി. യുടെ പ്രവർത്തനം കൊണ്ട് പല ഐസ് പ്ലാന്റുകളും പൂട്ടേണ്ടി വന്നിരിക്കുന്നു. അതുകൊണ്ട് അടിയന്തിരമായി ഗവണ്മെന്റ് ഈ കാര്യത്തിൽ ഇടപെട്ട് മേൽപ്പറഞ്ഞ മൂന്നു കൂട്ടരേയും വിളിച്ച് സംസാരിച്ച് തീർത്തില്ലെങ്കിൽ ഇത് അടിസ്ഥാനപരമായി ബാധിക്കാൻ പോകുന്നത് കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആണ്. ഇന്ന് മത്സ്യം കിട്ടിയാലും അതിന് വില കിട്ടുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി ഇതിലിടപെട്ട് ഈ പ്രശ്നം പരിഹരിക്കണം. 30-ാം തീയതി പ്രഖ്യാപിച്ചിട്ടുള്ള സമരം ഒത്തു തീർക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

ഫിഷറീസും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u>) : സർ, മത്സ്യ സംസ്കരണ വ്യവസായ രംഗത്ത് ഇപ്പോൾ പ്രതിസന്ധിയൊന്നുമില്ല. ഈ പറഞ്ഞ പ്രതിസന്ധി തീർക്കുന്നതിനുവേണ്ടി ഗവണ്മെന്റ് ഫലപ്രദമായ ചില നടപടികൾ എടുത്തിട്ടുണ്ട്. യൂറോപ്യൻ യൂണിയൻ മത്സ്യ സംസ്കരണശാലകൾക്ക് കർശനമായ ഗുണനിലവാരം ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചപ്പോഴും ഉദാരവൽക്കരണത്തിന്റെ ഭാഗമായി മുൻ കേന്ദ്ര സർക്കാർ ഓപ്പൺ ജനറൽ ലൈസൻസ് പട്ടികയിൽപ്പെടുത്തി ചെമ്മീനും കണവയും ഞണ്ടും ഇറക്കുമതി ചെയ്യാൻ അനുവാദം നൽകിയപ്പോഴും കേരളത്തിലെ മത്സ്യ സംസ്കരണവ്യവസായത്തിൽ പ്രതിസന്ധി കടന്നുകൂടി. ആഴക്കടൽ മത്സ്യബന്ധന കപ്പലുകൾക്ക് വിദേശികൾക്കടക്കം,

LIBRARY ARCHIVES Kerala Legislative Assembly

ലൈസൻസ് നൽകിയപ്പോഴും കേരളത്തിലെ മത്സ്യോൽപാദനത്തിൽ മാന്ദ്യം സംഭവിച്ചു. എന്നാൽ സംസ്ഥാന ഗവണ്മെന്റിന്റെ ഫലപ്രദമായ ഇടപെടലുകളെതുടർന്ന് മത്സ്യമേഖലയിലെ ഈ പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞു. അമേരിക്കൻ വിപണിയിലേക്ക് മത്സ്യം കയറ്റുമതി ചെയ്യുന്നതിനും കടലാമ നിരോധന വലകൾ ഉപയോഗിക്കണമെന്ന നിബന്ധനയും ആവശ്യമായ ഇടപെടലുകൾ നടത്തി വിപണി വീണ്ടെടുക്കാനും യൂറോപ്യൻ യൂണിയന്റെ നിരോധനത്തെ ഫലപ്രദമായി നേരിടാനും ചൈനയിൽ പുതിയ വിപണി കണ്ടെത്താനും കഴിഞ്ഞത് മത്സ്യ സംസ്കരണ മേഖലയിലെ പ്രതിസന്ധിക്കു പരിഹാരമായി. ആഴക്കടൽ മത്സ്യബന്ധന കപ്പലുകളുടെ കടന്നുകയറ്റത്തെ ചെറുക്കാനും പുതിയ ലൈസൻസുകൾ നൽകാതിരിക്കാനും കേന്ദ്രത്തെക്കൊണ്ട് തീരുമാനമെടുപ്പിച്ചതും ട്രോളിംഗ് നിരോധന കാലത്ത് ആഴക്കടൽ ട്രോളിംഗ് കേരള തീരത്ത് നിരോധിച്ചതും കേരളത്തിലെ മത്സ്യത്തൊഴിലാളി വിഭാഗത്തെ സഹായിച്ചു. 1997-98-ൽ 5.1 ലക്ഷം ടൺ ഉൽപ്പാദനം ഉണ്ടായിരുന്നത് 1998-99-ൽ 5.8 ലക്ഷം ടണ്ണായി വർദ്ധിച്ചു. 1999-2000-ത്തിൽ 6.5 ലക്ഷം ടൺ ഉൽപ്പാദനം ഉണ്ടായിരുന്നു എന്നാണ് പ്രാഥമിക കണക്കുകൾ കാണിക്കുന്നത്. കടലിൽ ചെമ്മീൻ വിത്ത് വിതയ്ക്കുന്ന പദ്ധതി വളരെ ഫലപ്രദമായി നടത്തി ചെമ്മീൻ ഉൽപ്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞയാഴ്ച ഏഷ്യാനെറ്റിൽ കൊച്ചിയിലെ ചാകര ഉൽപ്പാദനം കാണിച്ചത് ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പെടെ പലരും കണ്ടുകാണുമെന്നു വിശ്വസിക്കുന്നു. 1995-96-ൽ ചെമ്മീൻ ഉല്പാദനം 0.53 ലക്ഷം ടൺ ആയിരുന്നത് 1998-99-ൽ 0.67 ലക്ഷം ടണ്ണായി ഉയർന്നിട്ടുണ്ട്. 1995-96-ൽ 856.09 കോടി രൂപയുടെ വിദേശനാണ്യം ലഭിച്ചിരുന്ന സ്ഥാനത്ത് 1997-98-ൽ അത് 948.3 കോടി രൂപയായി ഉയർന്നു. മത്സ്യം കയറ്റുമതിക്കാർ അവരുടെ വിറ്റുവരവിന്റെ ഒരു ശതമാനം മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അടയ്ക്കണമെന്ന് വ്യവസ്ഥയുണ്ട്. ഈ തുക ഉപയോഗിച്ചാണ് മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നത്. അവർ 18.25 കോടി രൂപ കുടിശ്ശിക വരുത്തിയതുമൂലം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാതെ വഴിയില്ലായിരുന്നു. യൂറോപ്യൻ യൂണിയന്റെ നിരോധനകാലത്ത് റവന്യൂ റിക്കവറി നടപടികൾ നിർത്തിവച്ചു. നിരോധനത്തിൽ അയവു വന്ന് കയറ്റുമതി പുന :സ്ഥാപിക്കപ്പെട്ടതോടെ വീണ്ടും റവന്യൂ റിക്കവറി നടപടി ആരംഭിച്ചു. ഇപ്പോൾ റവന്യൂ കുടിശ്ശിക തവണകളായി അടയ്ക്കാൻ അനുവാദം നൽകിയിട്ടുണ്ട്. കഴിഞ്ഞ ഓണത്തിനു മുൻപ് ഒരു കോടി രൂപയും കഴിഞ്ഞ മാസം 35 ലക്ഷം രൂപയും അവർ അടച്ചുകഴിഞ്ഞു. അവരുടെ പ്രശ്നങ്ങൾ പഠിക്കാൻ ശ്രീ. പി.എം. അബ്രഹാം, ഐ.എ.എസ്. ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റി റിപ്പോർട്ട് ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അവരുടെ ശുപാർശകളും ഗവണ്മെന്റ് പരിശോധിക്കുന്നതാണ്. ഏതായാലും ഇപ്പോൾ മത്സ്യബന്ധന മേഖലയിൽ പ്രതിസന്ധിയില്ല.

(7) കേരളത്തിലെ ക്ഷീരകർഷകർക്ക് ക്ഷേമനിധിയും പെൻഷനും

ശ്രീ. എം. മുരളി : സർ, കേരളത്തിൽ 13 ലക്ഷത്തോളം ക്ഷീരകർഷകരാണുള്ളത്. പശുവിനെ വളർത്തി പാലുൽപ്പാദനം നടത്തി അതിലൂടെ മാത്രം ജീവിക്കുന്ന 13 ലക്ഷം കുടുംബങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. നമ്മുടെ ഗ്രാമീണമേഖലയുടെ, പ്രത്യേകിച്ച് കാർഷിക മേഖലയുടെ നട്ടെല്ലാണ് ക്ഷീരകർഷകർ. പക്ഷെ ഇപ്പോൾ പാലുൽപ്പാദനത്തിലുണ്ടായിരിക്കുന്ന പ്രതിസന്ധി

LIBRARY ARCHIVES Kerala Legislative Assembly